(എ) സുൽത്താൻ ബത്തേരി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) എന്ന് കെട്ടിടം പണി ആരംഭിക്കാൻ കഴിയും എന്നറിയിക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ ആവശ്യത്തിനായി മതിയായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുന്നതാണ്.

174 (1396) ക്രിസ്ത്യാനികളുടെ വിൽപ്പത്രം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപ്പത്രങ്ങൾ പ്രൊബേറ്റ് ചെയ്യണമെന്ന് വ്യവസ്ഥചെയ്തുകൊണ്ടുള്ള 1996 ലെ ഇൻഡ്യൻ പിൻതുടർച്ച (കേരള ഭേദഗതി) ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് അറിയിക്കുമോ;

(ബി) ക്രിസ്ത്യാനികളുടെ വിൽപ്പത്രം പ്രൊബേറ്റ് ചെയ്യേണ്ടതില്ലെന്ന് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) 1951 മുതൽ മുൻകാലപ്രാബല്യം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇതു സംബന്ധിച്ച കേസ് നിലവിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപ്പത്രങ്ങൾ പ്രൊബേറ്റ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി വ്യവസ്ഥ ചെയ്ത 1996 ലെ ഇൻഡ്യൻ പിൻതുടർച്ച (കേരള ഭേദഗതി) ആക്ടിന്റെ പ്രതി എല്ലാ സബ് രജിസ്ട്രാർമാർക്കും നടപടി സ്വീകരിക്കാൻ നല്കിയിട്ടുണ്ട്.

(ബി) ഹൈക്കോടതിയുടെ ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ 1996 ലെ ഇൻഡ്യൻ പിൻതുടർച്ച (കേരള ഭേദഗതി) ആക്ട് (1997 ലെ 1-ാം നമ്പർ ആക്ട്) പ്രകാരം 1925 ലെ ഇൻഡ്യൻ പിൻതുടർച്ച ആക്ടിന്റെ (2)-ാം ഉപവകുപ്പിൽ വരുത്തിയ ഭേദഗതിപ്രകാരം വിൽപ്പത്രം കോടതിയിൽ നിന്നും പ്രൊബേറ്റ് ചെയ്ത് വാങ്ങണമെന്നുള്ള ആവശ്യകതയിൽനിന്നും ക്രിസ്ത്യാനികളെകൂടി ഒഴിവാക്കിയിട്ടുണ്ട്.

(സി) കേസ്സ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭിച്ചിട്ടില്ല.

1093/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബാധകമല്ല.

175 (1397) രാജാറാം മോഹൻറായ് ഫൗണ്ടേഷന്റെ സഹായങ്ങൾ

<u>ശ്രീ. വി.ജെ. പൗലോസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലകൾക്ക് രാജാറാം മോഹൻറായ് ഫൗണ്ടേഷന്റെ പുസ്തകങ്ങളും മറ്റ് ഉപകരണങ്ങളും നൽകുന്നതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 1996 മുതൽ രാജാറാം മോഹൻറായ് ഫൗണ്ടേഷന്റെ എത്ര രൂപയുടെ സഹായമാണ് കേരളത്തിലെ ഗ്രന്ഥശാലകൾക്ക് നൽകിയിട്ടുള്ളത്; ഈ സഹായം ലഭിച്ചിട്ടുള്ള വായനശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഫൗണ്ടേഷന്റെ ധനസഹായം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഡി) രാജാറാം മോഹൻറായ് ഫൗണ്ടേഷൻ നൽകുന്ന പുസ്തകങ്ങൾ ആരാണ് വാങ്ങുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ലൈബ്രറികൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള ലൈബ്രറികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ലൈബ്രറികൾക്കും, ഫൗണ്ടേഷന്റെ വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷിക്കാം. അനുയോജ്യമായ ലൈബ്രറികളെ തെരഞ്ഞെടുപ്പിക്കേണ്ട ചുമതല ഫൗണ്ടേഷന്റെ സ്റ്റേറ്റ് ലൈബ്രറി കമ്മിറ്റിക്കാണ്. നന്നായി പ്രവർത്തിക്കുന്നതും പുസ്തകങ്ങളുടെയും മറ്റുപകരണങ്ങളുടേയും കുറവുള്ളതുമായ ഗ്രന്ഥശാലകളെയാണ് തെരഞ്ഞെടുക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ഗ്രന്ഥശാലകളുടെ എണ്ണം നിജപ്പെടുത്തുന്നത്.

(ബി) 1996-97, 97-98 വർഷങ്ങളിൽ 71,86,480 രൂപയുടെ സഹായം രാജാറാം മോഹൻറായി ഫൗണ്ടേഷൻ കേരളത്തിലെ ഗ്രന്ഥശാലകൾക്ക് നൽകിയിട്ടുണ്ട്. സഹായം ലഭിച്ച വായനശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	8
കൊല്ലം	-	9
പത്തനംതിട്ട	-	4
കോട്ടയം	-	11
ഇടുക്കി	-	1
ആലപ്പുഴ	-	4
എറണാകുളം	-	5
തൃശൂർ	-	1
പാലക്കാട്	-	1

LIBRARY ARCHIVES Kerala Legislative Assembly